<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4259</u> <u>28-06-2024 - ൽ മറുപടിയ്ക്ക്</u>

<u>വിദ്യാർത്ഥികളിലും യുവാക്കളിലും മയക്കുമരുന്നിന്റെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളിലും യുവാക്കളിലും മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് കൂടുതലായി നടപ്പാക്കുവാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികളിലേയും യുവാക്കളിലേയും ലഹരി ഉപയോഗത്തിനെതിരെ വിവിധങ്ങളായ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പിന് കീഴിലുള്ള വിമുക്തി മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും അവബോധം നൽകുന്നതിനായി “കരുതൽ” എന്ന പേരിലും, വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി “കവചം” എന്ന പേരിലും രണ്ട് കൈപ്പുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. അത് ഈ അധ്യയന വർഷവും വിതരണം ചെയ്യുന്നതാണ്. സംസ്ഥാനത്ത് സ്കൂളുകളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ശ്രദ്ധ തെറ്റായ പ്രവണതകളിൽ നിന്നും കായിക പ്രവർത്തനങ്ങളിലേക്ക് തിരിച്ച് വിടുന്നതിന് 1000 സ്കൂളുകളിൽ കായിക ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് ക്യാമ്പസുകളിൽ “നേർക്കൂട്ടം” എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ “ശ്രദ്ധ” എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനായി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. SOP പ്രകാരമുള്ള പ്രവർത്തനങ്ങൾ 2024-25 അധ്യയന വർഷം സ്കൂളുകളിൽ നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | വിദ്യാലയങ്ങളിലും പരിസരങ്ങളിലും കർശന പരിശോധന വ്യാപകമാക്കുന്നതിനും യോദ്ധാവ് ഉൾപ്പടെയുള്ള പദ്ധതികൾ കൂടുതൽ സ്കൂളുകളിൽ നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | വിദ്യാലയങ്ങളിലും പരിസരങ്ങളിലും കർശന പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ 'ഉണർവ്വ്', 'നേർവഴി' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ടി പദ്ധതികൾ കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. യോദ്ധാവ് പദ്ധതി എക്സൈസ് വകുപ്പ് നടത്തുന്ന പദ്ധതിയല്ല, അത് സംസ്ഥാന പോലീസ് വകുപ്പ് നടത്തുന്ന പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ